# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *358 26/06/2012 ൽ മറുപടിക്ക്

## സിനിമ നിർമ്മാണത്തിന് നൽകുന്ന സഹായം

ചോദ്യം
ശ്രീമതി ജമീലാ പ്രകാശം

ഉത്തരം
ശ്രീ. കെ.ബി. ഗണേഷ് കുമാർ
. (ബഹു. വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിനകത്ത് സിനിമ നിർമ്മിക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ് ; | (എ) | ചിത്രാഞ്ജലിയുടെ എല്ലാ സാങ്കേതിക സൗകര്യങ്ങളും ഉപയോഗിച്ച് കേരളത്തിനകത്ത് നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 4 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. ടി ചിത്രങ്ങൾ സംസ്ഥാന ദേശീയ പുരസ്കാരങ്ങൾക്ക് അർഹമായാൽ 2 ലക്ഷം രൂപ അധിക സബ്സിഡിയായി നൽകുന്നു. |
| (ബി) | ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) | ചലച്ചിത്ര നിർമ്മാതാക്കളെ സഹായിക്കുന്നതിന് വിവിധ പദ്ധതികൾ ഓരോ ഘട്ടത്തിലുംചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയ പാക്കേജ് പദ്ധതി പ്രകാരം 2 ലക്ഷം രൂപ അഡ്വാൻസ് നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും സ്റ്റുഡിയോ സൗകര്യങ്ങളും (നെഗറ്റീവ്/ പോസിറ്റീവ് ഇല്ലാതെ) 150 ദിവസം വരെയുള്ള കാലാവധിക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്.<br><br>മറ്റൊരു പദ്ധതിയായ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം 2 ലക്ഷം രൂപ അഡ്വാൻസും 5 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റിയും നൽകുന്ന നിർമ്മാതാക്കൾക്ക് |

| | | | |
|---|---|---|---|
| | | | ചലച്ചിത്ര നിർമ്മാണത്തിനാവശ്യമായ മുഴുവൻ സാങ്കേതിക സൗകര്യങ്ങളും നൽകുന്നതിനു പുറമേ നെഗറ്റീവ് ഫിലിം 90 ദിവസത്തേയ്ക്കും സാങ്കേതിക സൗകര്യങ്ങൾ 150 ദിവസത്തേയ്ക്കും ക്രെഡിറ്റായി നൽകുന്നുണ്ട്.<br><br>ചിത്രാഞ്ജലി പ്ലസ് എന്ന പദ്ധതി പ്രകാരം 2 ലക്ഷം രൂപയും സാറ്റലൈറ്റ് Buyer-റുടെ tripatriate agreement-ഉം ഉറപ്പായി നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാങ്കേതികസൗകര്യങ്ങളും 150 ദിവസത്തെ കാലാവധിക്കും നെഗറ്റീവിനും പോസിറ്റീവിനും 90 ദിവസത്തെ കാലാവധിയ്ക്കും ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്.<br><br>ചിത്രാഞ്ജലി സൂപ്പർ പ്ലസ് എന്ന മറ്റൊരു പദ്ധതി പ്രകാരം മിനിമം രണ്ട് ചലച്ചിത്രങ്ങൾ നിർമ്മിച്ചിട്ടുള്ളതും, രണ്ട് ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുള്ളതുമായ സംവിധായകർക്ക്/നിർമ്മാതാവിന് ചലച്ചിത്ര നിർമ്മാണത്തിനാവശ്യമായ എല്ലാ സാങ്കേതികസൗകര്യങ്ങളും 150 ദിവസത്തെ കാലാവധിക്കും നെഗറ്റീവിനും പോസിറ്റീവിനും 90 ദിവസത്തെ കാലാവധിയ്ക്കും ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ സൗകര്യങ്ങൾക്ക് പുറമേ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതികസൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾക്ക് 4 ലക്ഷം രൂപ സബ്സിഡി നൽകുന്നു. ഇതിനുപുറമേ സംസ്ഥാന/ കേന്ദ്ര സർക്കാരുകളുടെ അവാർഡുകൾ നേടുന്ന മലയാള ചിത്രങ്ങൾക്ക് സബ്സിഡിതുകയ്ക്ക് പുറമേ രണ്ടു ലക്ഷം രൂപ സാമ്പത്തിക സഹായം കൂടി സർക്കാർ നൽകുന്നു.<br><br>വീഡിയോ ചിത്രനിർമ്മാതാക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോയിൽ |

| | | | |
|---|---|---|---|
| | | | അത്യാധുനിക സംവിധാനങ്ങൾ എഡിറ്റിംഗിനായും റിക്കോർഡിംഗിനായും ഏർപ്പെടുത്തി കഴിഞ്ഞു.<br><br>ചിത്രാഞ്ജലി റിക്കാർഡിംഗ് സ്റ്റുഡിയോയ്ക്ക് പുറമേ അത്യാധുനിക സാങ്കേതിക സൗകര്യങ്ങളോടു കൂടി കൊച്ചിയിൽ പുതുതായി ഒരു റിക്കോർഡിംഗ് സ്റ്റുഡിയോ പ്രവർത്തനമാരംഭിച്ചു.<br><br>ചിത്രാഞ്ജലിയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച നിർമ്മിക്കുന്ന കൊമേഴ്സ്യൽ ചിത്രങ്ങൾക്ക് കോർപ്പറേഷന്റെ തിയേറ്ററുകളിൽ റിലീസ് ചെയ്യുമെന്ന ഉറപ്പിന്മേൽ നിശ്ചിത കാലാവധിയ്ക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ റിലീസ് പ്രിന്റുകൾ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സഹായങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | 1997 ലെ ചലച്ചിത്ര സബ്സിഡി നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിലേക്കായി 25/05/2012 ലെ സ.ഉ.(സാധാ) 286/12/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ